പിരായിരി ഗ്രാമപഞ്ചായത്തിനായി സമഗ്ര കുടിവെള്ള പദ്ധതി

151 (5041) ശ്രീ. കെ. കെ. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിരായിരി ഗ്രാമപഞ്ചായത്തിനായി ഒരു സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ, ആയതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ & ബി) പിരായിരി ഗ്രാമപഞ്ചായത്തിൽ സമഗ്ര കുടിവെള്ള പദ്ധതികൾ നടപ്പിലാക്കണമെന്ന നിർദ്ദേശം പരിശോധിച്ചുവരുന്നു.

ഒഴൂർ-പൊൻമുണ്ടം പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതി

152 (5042) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജകമണ്ഡലത്തിലെ ഒഴൂർ-പൊൻമുണ്ടം പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതിയുടെ സർവ്വേ നടപടികൾ ഇതിനകം പൂർത്തിയായിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേക്ക് തയ്യാറാക്കും ;

(സി) എത്ര രൂപയാണ് പദ്ധതിക്ക് ചെലവ് പ്രതീക്ഷിക്കുന്നത് ;

(ഡി) എന്നത്തേക്ക് പദ്ധതി പൂർത്തിയാക്കാനാകും എന്നാണ് ഉദ്ദേശിക്കുന്നത് ;

(ഇ) ഏതൊക്കെ പ്രദേശത്ത് ഇതുകൊണ്ട് കുടിവെള്ള വിതരണം സാദ്ധ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) താനൂർ നിയോജകമണ്ഡലത്തിലെ ഒഴൂർ പഞ്ചായത്തിലെ കുടിവെള്ള പദ്ധതിയുടെ സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. പൊൻമുണ്ടം പഞ്ചായത്തിലെ കുടിവെള്ള പദ്ധതിക്ക് വേണ്ടിയുള്ള സർവ്വേ നടപടികൾ ആരംഭിച്ചിട്ടില്ല.

(ബി) ഒഴൂർ പഞ്ചായത്തിലെ കുടിവെള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

(സി) ഒഴൂർ പദ്ധതിക്ക് 11.10 കോടി രൂപ അടങ്കൽ തുകയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടാണ് തയ്യാറാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly